# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂൺ 15**

---

## എം.ജി ബിരുദ ഏകജാലകം; സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടയുടെ അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി ബിരുദ ഏകജാലക പ്രവേശനത്തിലെ സ്പോർട്സ്, കൾച്ചറൽ, വികലാംഗ ക്വാട്ടകളിലേക്കുള്ള അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളജുകളുമായി ബന്ധപ്പെട്ട് ഇന്ന്(ജൂൺ 16) വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.

ഇതിനു ശേഷം ഈ ക്വാട്ടകളിലേക്ക് പ്രവേശനം അനുവദിക്കില്ല. പ്രവേശന സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളജുകൾ നിർദേശിക്കുന്ന സമയത്തു തന്നെ ഹാജരായി പ്രവേശനം നേടണം. അല്ലാത്ത പക്ഷം അവസരം നഷ്ടപ്പെടുന്നതാണ്.

(പി.ആർ.ഒ/39/657/2023)

## സ്റ്റുഡൻറ് ഇൻറേൺഷിപ്പിന് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിൽ തലപ്പാടിയിൽ പ്രവർത്തിക്കുന്ന ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻറ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ സെർബ് -സി.ആർ.ജി പ്രോജക്ടിലേക്ക് മുഴുവൻ സമയ സ്റ്റുഡൻറ് ഇൻറേൺഷിപ്പിന് അപേക്ഷ ക്ഷണിച്ചു.

ലൈഫ് സയൻസ് ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്കും എൻജിനീയറിംഗ് ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. രണ്ടു മാസത്തെ ഇൻറേൺഷിപ്പിന് പ്രതിമാസം 5000 രൂപ സ്റ്റുഡൻറ് അസിസ്റ്റൻറ്ഷിപ്പ് ലഭിക്കും.

സി.വി, കോളജ് പ്രിൻസിപ്പലിൻറെ കവറിംഗ് ലെറ്റർ സഹിതം ഡയറക്ടർ, ഐ.യു.സി.ബി.ആർ&എസ്.എച്ച്.എച്ചിന് careeriucbr@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ജൂൺ 30 വരെ അപേക്ഷ സമർപ്പിക്കാം.

വിശദവിവരങ്ങൾ www.iucbr.ac.in എന്ന വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/658/2023)

## പരീക്ഷാസമയത്തിൽ മാറ്റം

ജൂലൈ 19ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ യു.ജി(സി.ബി.സി.എസ്.എസ് - 2015,2016 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്), രണ്ടാം സെമസ്റ്റർ ബി.എസ്.സി സൈബർ ഫോറെൻസിക് (സി.ബി.സി.എസ്.എസ് - 2015 മുതൽ 2018 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകളുടെ പരീക്ഷാസമയം ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ(വെള്ളിയാഴ്ച്ചകളിൽ രണ്ടു മുതൽ അഞ്ചു വരെ) ആയി പുനഃക്രമീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/659/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.വോക്-അഗ്രോ ഫുഡ് പ്രോസസ്സിംഗ് - മെയ് 2023(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്. 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 26ന് കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്സ് കോളജിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

......................

നാലാം സെമസ്റ്റർ ബി.എഡ്(ക്രഡിറ്റ് ആൻറ് സെമസ്റ്റർ - 2021 അഡ്മിഷൻ റഗുലറും സപ്ലിമെൻററിയും - രണ്ടു വർഷ കോഴ്സ്) പരീക്ഷയുടെ പ്രായോഗിക പരീക്ഷ ജൂലൈ മൂന്നു മുതൽ 15 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.....................

2023 മാർച്ചിൽ വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ ബി.സി.എ, ബി.എസ്.സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സി.ബി.സി.എസ് - 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ സോഫ്റ്റ് വെയർ ലാബ്-4 പ്രാക്ടിക്കൽ പരീക്ഷ ജൂൺ 20ന് നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

......................

ഒന്നാം സെമസ്റ്റർ എം.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ഡയറ്ററ്റിക്സ് - മാർച്ച് 2023(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 22ന് നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/660/2023)

## വൈവാ വോസി

2023 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം - മാർച്ച് 2023(2020 അഡ്മിഷൻ റഗുലർ, 2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2017 നു മുൻപുള്ള അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ വൈവാ വോസി പരീക്ഷ ജൂലൈ 10, 11, 12, 13 തീയതികളിൽ എറണാകുളം ഗവൺമെൻറ് ലോ കോളജിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/661/2023)

## പരീക്ഷാ ടൈംടേബിൾ

പി.ജി പ്രൈവറ്റ് രജിസ്ട്രേഷൻ ഒന്ന്, രണ്ട് സെമസ്റ്ററുകൾ - മാർച്ച് 2023(2016,2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയോടൊപ്പം ഒന്നാം സെമസ്റ്റർ ബ്രാഞ്ച്1(എ)-മാത്തമാറ്റിക്സ് പ്രോഗ്രാമിൻറെ ടോപോളജി 1(പേപ്പർ 3) കൂടി ഉൾപ്പെടുത്തി. പരീക്ഷ ജൂലൈ അഞ്ചിനു നടക്കും.

(പി.ആർ.ഒ/39/662/2023)

## പരീക്ഷാ ഫലം

2022 ജനുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി, ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി, ബോട്ടണി(2012 മുതൽ 2018 വരെ അഡ്മിഷനുകൾ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ഓൺലൈനായോ ഓഫ്‌ലൈനായോ നിശ്ചിത ഫീസ് സഹിതം ജൂൺ 26 വരെ ഡെപ്യൂട്ടി രജിസ്ട്രാർ 7 (പരീക്ഷ)ക്ക് അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/663/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**